**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം - കൊല്ലം, ഓച്ചിറ, സാമൂഹ്യരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി ചെയ്ത് വരവെ അപകടത്തിൽ മരണമടഞ്ഞ കിരൺ രാജ്.എസ്-ന്റെ ഇൻഷ്വറൻസ് ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.9816/2018/ധന തീയതി, തിരുവനന്തപുരം, 28/11/2018.**

പരാമർശം:- 1) 23.11.2010 തീയതിയിലെ സ.ഉ.(പി)നം 616/2010/ധന നമ്പർ സർക്കാർ ഉത്തരവ്.

2) 13.11.2013 തീയതിയിലെ സ.ഉ.(പി)നം 555/2013/ധന നമ്പർ സർക്കാർ ഉത്തരവ്.

3) 19.11.2015 തീയതിയിലെ സ.ഉ.(പി)നം 526/2015/ധന നമ്പർ സർക്കാർ ഉത്തരവ്.

4) 30.10.2017 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ജി.പി.എ .ഐ.എസ്/എം.3/001707013 നമ്പർ കത്ത്.

5) ശ്രീമതി.പ്രിയ രവി.കെ ധനകാര്യ വകുപ്പിൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

കൊല്ലം, ഓച്ചിറ, സാമൂഹ്യരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി ചെയ്ത് വരവെ അപകടത്തിൽ 13.04.2016-ൽ മരണപ്പെട്ട കിരൺ രാജ്.എസ്-ന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി പരേതന്റെ ഭാര്യ ശ്രീമതി.പ്രിയ രവി.കെ ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ക്ലെയിമിനുള്ള അപേക്ഷ നിർദ്ദിഷ്ട സമയപരിധിക്കകം സമർപ്പിച്ചില്ലായെന്ന കാരണത്താലും, കിരൺ രാജ് ആത്മഹത്യ ചെയ്തതാണ് എന്ന കാരണത്താലും ഇൻഷ്വറൻസ് ഡയറക്ടർ പരാമർശം (4) പ്രകാരം നിരസിച്ചിരുന്നു. ക്ലെയിം അപേക്ഷ ഇൻഷ്വറൻസ് ഡയറക്ടർ നിരസിച്ച സാഹചര്യത്തിൽ കിരൺ രാജിന്റെ മരണം അപകടമരണമാണ് എന്നുള്ളത് കണ്ടെത്തിയും അപേക്ഷ സമർപ്പിക്കുവാനുള്ള കാലതാമസം മാപ്പാക്കിയും ക്ലെയിം അനുവദിക്കണമെന്ന് പരേതന്റെ ഭാര്യ ശ്രീമതി.പ്രിയ രവി.കെ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. മരണപ്പെട്ട കിരൺ രാജ്.എസ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ളതും, ടിയാളുടെ 2015 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും വരിസംഖ്യ കിഴിവ് നടത്തിയിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയും അപേക്ഷകയെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ക്ലെയിം അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം

മാപ്പാക്കികൊണ്ടും കിരൺ രാജിന്റെ മരണം ആത്മഹത്യയാണ് എന്ന് തെളിയിക്കുന്നതിനുള്ള തെളിവുകൾ ഒന്നും തന്നെയില്ലാത്തതിനാലും സംശയത്തിന്റെ ആനുകൂല്യം അപേക്ഷകയ്ക്ക് നൽകികൊണ്ട് കൊല്ലം, ഓച്ചിറ, സാമൂഹ്യരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി ചെയ്ത് വരവെ 13.04.2016-ൽ മരണപ്പെട്ട കിരൺ രാജ്.എസ്-ന്റെ ജി.പി.എ.ഐ.എസ് ക്ലെയിം തുകയായ പത്ത് ലക്ഷം രൂപ, ഭാര്യയായ ശ്രീമതി.പ്രിയ രവി.കെ, ഉണ്ണിയശ്ശേരിൽ, പോരുക്കര, ഇടപ്പള്ളിക്കോട്ട.പി.ഒ, കൊല്ലം 691 583, മകൾ കുമാരി ജാനകി കിരൺ ഉണ്ണിയശ്ശേരിൽ, പോരുക്കര, ഇടപ്പള്ളിക്കോട്ട. പി.ഒ, കൊല്ലം 691 583, എന്നിവർക്ക് 1 : 1 എന്ന അനുപാതത്തിൽ പൂർണ്ണമായി അന്തിമ തീർപ്പ് കൽപ്പിച്ച് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. മകൾ ജാനകി കിരൺ മൈനർ ആയതിനാൽ ടിയാളുടെ വിഹിത തുക 19.11.2015 തീയതിയിലെ സ.ഉ.(പി)നം 526/2015/ധന ഖണ്ഡിക (iv) പ്രകാരം, പ്രായപൂർത്തിയായതിനു ശേഷം പിൻവലിക്കുവാൻ കഴിയത്തക്കവിധം മകളുടെയും മാതാവിന്റെയും സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

പ്രസ്തുത ചെലവ് "8011 – ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട് 95 - മിസലേനിയസ് ഇൻഷ്വറൻസ് ഫണ്ട്-(01)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരളം, തിരുവനന്തപുരം.
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, കൊല്ലം
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
ശ്രീമതി.പ്രിയ രവി.കെ, ഉണ്ണിയശ്ശേരിൽ, പോരുക്കര, ഇടപ്പള്ളിക്കോട്ട.പി.ഒ, കൊല്ലം 691 583
കുമാരി ജാനകി കിരൺ ഉണ്ണിയശ്ശേരിൽ, പോരുക്കര, ഇടപ്പള്ളിക്കോട്ട.പി.ഒ, കൊല്ലം 691 583
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ